# പതിമൂന്നാം കേരള നിയമസഭ
# ഒമ്പതാം സമ്മേളനം

02.07.2013 ൽ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 5212

## സഹകരണ ബാങ്കുകൾ വഴിയുള്ള ഹ്രസ്വകാല കാർഷിക വായ്പകൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. വർക്കല കഹാർ<br>ശ്രീ. ഐ.സി. ബാലകൃഷ്ണൻ<br>ശ്രീ. ആർ. സെൽവരാജ്<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് നബാർഡിന്റെ ഫണ്ട് ഉപയോഗിച്ച് സഹകരണ ബാങ്കുകൾ വഴി വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പകൾ പൂർണ്ണമായും പലിശരഹിതമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) സഹകരണ ബാങ്കുകൾ വഴി വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പകൾ പലിശ രഹിത വായ്പയായി നൽകുന്ന പദ്ധതി അംഗീകരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.<br>2011-12 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ കൃത്യമായി കാർഷിക വായ്പ തിരിച്ചടയ്ക്കുന്നവർക്ക് പലിശ സബ്സിഡി നൽകുന്നതിനായി "ഉത്തേജന പലിശ ഇളവ് പദ്ധതി" പ്രകാരം പലിശ ഇളവ് നൽകുന്ന പദ്ധതി പ്രഖ്യാപിക്കുകയും, ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ വഴി കാർഷികാവശ്യങ്ങൾക്കായി വിതരണം ചെയ്യുന്ന ഹ്രസ്വകാല വായ്പകൾ കുടിശ്ശിക വരുത്താതെ യഥാസമയം തിരിച്ചടയ്ക്കുന്നവർക്ക് നബാർഡ് മുഖാന്തിരം കേന്ദ്ര സർക്കാർ നൽകുന്ന പരമാവധി 3% പലിശ സബ്സിഡിയോടൊപ്പം സംസ്ഥാന സർക്കാരിന്റെ പരമാവധി 5% സബ്സിഡി വിഹിതം കൂടി നൽകി പൂർണ്ണമായും പലിശ രഹിത വായ്പയായി നൽകുന്നതിനാണ് ടി പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്.<br>2013-14 ബഡ്ജറ്റ് പ്രസംഗത്തിൽ, (ഖണ്ഡിക 16) ൽ ഒരു ഹെക്ടറോ അതിന് താഴെയോ ഭൂമിയുള്ള എല്ലാ ചെറുകിട കർഷകർക്കും പലിശ രഹിത വായ്പ സംസ്ഥാന സർക്കാർ |

ഉറപ്പാക്കണമെന്നും, കർഷകർ സഹകരണ ബാങ്കുകളിൽ നിന്ന് എടുക്കുന്ന നബാർഡ് റീഫൈനാൻസ് ചെയ്യുന്ന കാർഷിക വായ്പയ്ക്ക് കൊടുക്കേണ്ട പലിശ ഇനി മുതൽ സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നതും അതുമൂലം ഉണ്ടാകുന്ന സാമ്പത്തിക ബാധ്യത സംസ്ഥാന ഗവൺമെന്റ് സഹകരണ ബാങ്കുകൾക്ക് നികത്തി കൊടുക്കുമെന്നും ഇതിലേയ്ക്ക് 30 കോടി രൂപ മാറ്റി വയ്ക്കുന്നുവെന്നും പ്രഖ്യാപിക്കുകയുണ്ടായി.

(ബി) ഏതെല്ലാം കർഷകർക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) ഹ്രസ്വകാല കാർഷിക വായ്പകൾ കുടിശ്ശിക വരുത്താതെ തിരിച്ചടയ്ക്കുന്ന 2 ഹെക്ടർ വരെ ഭൂമി കൈവശമുള്ള ചെറുകിട/നാമമാത്ര കർഷകർക്ക് ടി പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതാണ്.

(സി) വായ്പകൾ പലിശരഹിതമാക്കുന്നതിനുള്ള ധനം എങ്ങനെയാണ് കണ്ടെത്തുന്നത്; വിശദമാക്കുമോ;

(സി) വായ്പകൾ പലിശരഹിതമാക്കുന്നതിനുള്ള ധനം, സംസ്ഥാന ബഡ്ജറ്റ് വിഹിതത്തിൽ നിന്നും, നബാർഡ് മുഖാന്തിരം കേന്ദ്ര ഗവൺമെന്റ് നൽകുന്ന പലിശ സബ്‌വെൻഷൻ എന്നിവ മുഖാന്തിരം ആണ് കണ്ടെത്തുന്നത്.

(ഡി) ഈ സർക്കാരിന്റെ കാലത്ത് ഇതിനായി എന്ത് തുക ചെലവഴിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

(ഡി) ഈ സർക്കാരിന്റെ കാലത്ത് 2011-12, 2012-13 സാമ്പത്തിക വർഷം 3 കോടി രൂപയും 2013-14 ലെ ബഡ്ജറ്റിൽ ഒരു കോടി രൂപയും അനുവദിക്കുകയുണ്ടായി. തുക അനുവദിക്കുന്നത് സംബന്ധിച്ച ചട്ടങ്ങൾ 08-02-2013 ലെ സ.ഉ (കൈ) 23/2013/സഹ നമ്പർ ഉത്തരവ് പ്രകാരം അംഗീകരിച്ച് നല്കിയതിന്റെ അടിസ്ഥാനത്തിൽ ഹ്രസ്വകാല കാർഷിക വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകരുടെ വിവരങ്ങൾ സമർപ്പിക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ നിർദ്ദേശം നല്കുകയും അതനുസരിച്ച് ജില്ലകളിൽ നിന്നും ഓരോ സംഘത്തിന്റെയും കണക്കുകൾ ലഭ്യമാകുന്ന മുറയ്ക്ക് വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2012-13 വർഷം 336859/- രൂപ അനുവദിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ